(ബി) ഇവ ഓരോന്നിനും എത്ര തുക വീതം നീക്കിവച്ചിട്ടുണ്ട് ; ഇത് ബഡ്ജറ്റിൽ നീക്കിവച്ചതിന് പുറമെയാണോ എന്നറിയിക്കുമോ ;

(സി) ഇവയിൽ പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും പണി ആരംഭിച്ച പദ്ധതികൾ ഏതെല്ലാമാണെന്നും പണി ആരംഭിക്കാത്ത പദ്ധതികൾ ഏതെല്ലാമാണെന്നും അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ മിഷൻ 676 പദ്ധതിയിലേക്ക്, ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട് :

1. ഇ-സാക്ഷരതാ പദ്ധതി
2. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരുടെ നിലവിലെ വീടുകളിലെ വാതിലുകൾക്കും ജനാലകൾക്കും അടപ്പ് (ഷട്ടർ) നിർമ്മിക്കുന്നതിനുള്ള ധനസഹായ പദ്ധതി - (400 ദിന കർമ്മ പദ്ധതി)
3. മദ്രസ്സ അദ്ധ്യാപകർക്കുള്ള പാർപ്പിട പദ്ധതി (500 ദിന കർമ്മ പദ്ധതി)
4. ന്യൂനപക്ഷ മത വിഭാഗത്തിലെ തൊഴിൽ രഹിതർക്കുള്ള മൾട്ടി പർപ്പസ് ജോബ് ക്ലബ്.

(ബി) തുകയൊന്നും നീക്കി വച്ചിട്ടില്ല.

(സി) പദ്ധതി ആരംഭിച്ചിട്ടില്ല.

റബ്ബർ വിലയിടിവ്

204 (1643) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ വിലയിടിവിനെ തുടർന്ന് പ്രതിസന്ധിയിലായ റബ്ബർ കർഷകരെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ നേരിട്ട് റബ്ബർ സംഭരിക്കാൻ എത്ര രൂപ മാറ്റിവച്ചു ; എത്ര റബ്ബർ സംഭരിച്ചു ;

(സി) എത്ര രൂപയാണ് ഇപ്പോൾ മാർക്കറ്റിലെ റബ്ബർ വില; എത്ര രൂപയ്ക്കാണ് സർക്കാർ സംഭരിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റബ്ബറിന് സർക്കാർ തറവില നിശ്ചയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര രൂപയാണ് സർക്കാർ നിശ്ചയിച്ച തറവില ;

(ഇ) റബ്ബർ കർഷകർക്ക് കാർഷിക സബ്സിഡി നിലവിലുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ;

(എഫ്) റബ്ബർ കർഷകരുടെ ആവശ്യം പരിഗണിച്ച് റബ്ബർ ഇറക്കുമതി തീരുവ വർദ്ധിപ്പിക്കണമെന്ന് സംസ്ഥാനം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുമോ ?

ഉത്തരം

(എ) സ്വാഭാവിക റബ്ബറിന്റെ വില വളരെ താഴ്ന്ന നിൽക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25-2-2014 തീയതിയിലെ സ.ഉ. (എംഎസ്.) നമ്പർ 56/2014/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്. റബ്ബർ സംഭരണം ആരംഭിച്ചപ്പോൾ കോട്ടയം വിപണിയുടെ ദൈനംദിന വിപണിവിലയിൽനിന്നും കിലോയ്ക്ക് 2 രൂപ കൂടുതൽ നൽകി ആർ. എസ്. എസ്. 4 ഗ്രേഡിലുള്ള റബ്ബറാണ് സംഭരിച്ചിരുന്നത്. എന്നാൽ 13-10-2014 തീയതിയിലെ സ.(എംഎസ്.) നമ്പർ 232/2014/കൃഷി പ്രകാരം ആർ.എസ്.എസ്. 5 ഗ്രേഡിലുള്ള റബ്ബർ കർഷകരിൽനിന്നും സംഭരിക്കുവാൻ ഉത്തരവാകുകയും തുടർന്ന് 6-11-2014 തീയതിയിലെ സ.ഉ (എംഎസ്.) നമ്പർ 254/2014/കൃഷി പ്രകാരം റബ്ബർ കർഷകരെ സഹായിക്കുന്നതിന് വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് റബ്ബർബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണിയിൽനിന്നും കിലോയ്ക്ക് 5 രൂപ കൂടുതൽ നൽകി ആർ.എസ്.എസ്. 4, ആർ.എസ്.എസ്. 5 ഗ്രേഡുകളിലുള്ള റബ്ബർ സംഭരിക്കുവാൻ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

(ബി) കൃഷി വകുപ്പിന്റെ 'വിലസ്ഥിരതയ്ക്ക് വേണ്ടി വിപണിയിൽ ഇടപെടൽ (പദ്ധതി) 2014-15' എന്ന ശീർഷകത്തിൽനിന്നും 10 കോടി രൂപ അധിക ധന അനുമതിയിലൂടെ റബ്ബർ സംഭരണത്തിന് അടിയന്തരമായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽനിന്നും 5 കോടി രൂപ വീതം സംഭരണ ഏജൻസികളായ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനും (റബ്ബർമാർക്ക്) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷൻ ലിമിറ്റഡിനും (മാർക്കറ്റ്ഫെഡ്) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 27-11-2014 വരെ റബ്ബർമാർക്ക് 585.5 ടണ്ണും മാർക്കറ്റ്ഫെഡ് 390.8 ടണ്ണും ഉൾപ്പെടെ ആകെ 976.3 ടൺ റബ്ബർ സംഭരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) റബ്ബറിന്റെ മാർക്കറ്റ് വില ഇപ്പോൾ (29-11-2014) കിലോയ്ക്ക് 117.00 രൂപയാണ്. റബ്ബർബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണിയിൽനിന്നും കിലോയ്ക്ക് 5 രൂപ കൂടുതൽ നൽകിയാണ് റബ്ബർ സംഭരണം നടത്തുന്നത്.

(ഡി) ഇല്ല.

(ഇ) റബ്ബർ വിളയുടെ ഉല്പാദനം, വിപണനം സംബന്ധിച്ച പദ്ധതികൾ നടപ്പിലാക്കുന്നത് റബ്ബർ ബോർഡ് മുഖേനയാണ്. റബ്ബറിന്റെ പരമ്പരാഗതമായ സ്ഥലങ്ങളിൽ ഹെക്ടറിന് 25000 രൂപ പരമ്പരാഗതമല്ലാത്ത സ്ഥലങ്ങളിൽ ഹെക്ടറിന് 35000 രൂപ എന്ന ക്രമത്തിലാണ് റബ്ബർ ബോർഡ് നടീലിനായി സബ്സിഡി നൽകിവരുന്നത്.

(എഫ്) ആവശ്യപ്പെട്ടിട്ടുണ്ട്.

ജൈവവൈവിധ്യ സംരക്ഷണം

205 (1644) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവവൈവിധ്യ സംരക്ഷണത്തിനായി കൃഷി വകുപ്പ് കൂടുതൽ ശ്രദ്ധ ചെലുത്തുമോ ;

(ബി) എങ്കിൽ സ്കൂൾ തലത്തിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഒരു പ്ലാൻ തയ്യാറാക്കുമോ ?

ഉത്തരം

(എ & ബി) ജൈവവൈവിധ്യ സംരക്ഷണം ജൈവ വൈവിധ്യ ബോർഡ് വഴിയാണ് നടപ്പിലാക്കി വരുന്നത്.

നീര ഉല്പാദനവും വിപണനവും

206 (1645) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നീരയുടെ ഉല്പാദനവും വിപണനവും എത്രത്തോളം വിജയകരമാണെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly